**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1217** **04-07-2022 - ൽ മറുപടിയ്ക്ക്**

**തമ്മനം പുല്ലേപ്പടി റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം നിയോജകമണ്ഡലത്തിലെ തമ്മനം പുല്ലേപ്പടി റോഡിന്റെ നിർമ്മാണ പുരോഗതി ഏതുവരെ ആയി എന്ന് വിശദമാക്കുമോ; റോഡിന്റെ അലൈൻമെന്റിന് അന്തിമരൂപം ആയിട്ടുണ്ടോ; | (എ) | എറണാകുളം നിയോജകമണ്ഡലത്തിലെ തമ്മനം പുല്ലേപ്പടി റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടിക്കായി 93.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. റോഡിന്റെ അലൈൻമെന്റിന് അന്തിമരൂപം ആയിട്ടുണ്ട്.റോഡ് നിർമ്മാണ പ്രവർത്തിക്കായുള്ള അനുമതി ലഭിക്കുന്നതിനായി ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് അവലോകന ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി, ഏറ്റെടുത്ത ഭൂമിയുടെ അളവ്, ഇനി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ അളവ്; സൗജന്യമായി ലഭിച്ച ഭൂമിയുടെ അളവ് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയ്ക്ക് 20.03.2022 തീയതിയിലെ കിഫ്ബി ഉത്തരവ് പ്രകാരം 5.83 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി സാമ്പത്തികാ നുമതി ലഭിച്ചിട്ടുണ്ട്. കേരള ഗസറ്റ് വിജ്ഞാപന പ്രകാരം കൊച്ചിൻ കോർപ്പറേഷൻ ഇത് വരെ എളംകുളം വില്ലേജിലെ 54.79 ആർ ഭൂമി, ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ എറണാകുളം വില്ലേജിലെ 11.20 ആർ ഭൂമിയും എളംകുളം വില്ലേജിലെ 105.12ആർ ഭൂമിയും പൂണിത്തുറ വില്ലേജിലെ 46.79 ആർ ഭൂമിയും ഫ്രീ സറണ്ടറായി കൊച്ചിൻ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. ഇനി 3.681 ഹെക്ടർ ഭൂമിഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കേരള ഗസറ്റ് വിശദീകരണകുറിപ്പ് പ്രകാരം എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കൊച്ചി നഗരസഭയുടെ അധീനതയിലുള്ള പത്മ ജംഗ്ഷൻ മുതൽ നാഷണൽ ഹൈവേ ബൈപ്പാസ് വരെയുള്ള 3.75 കി.മീ. റോഡ്, തമ്മനം- പുല്ലേപ്പടി റോഡിൻറെ വികസനത്തിനായി പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്നതിന് നഗര സഭ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. |
| (സി) | ഏറ്റെടുത്ത ഭൂമി വകുപ്പിന് കൈമാറിക്കിട്ടിയിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) | ഇല്ല. പ്രസ്തുത റോഡ് കൊച്ചിൻ കോർപ്പറേഷനിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് രേഖാപരമായി കൈമാറികിട്ടേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ